# അക്കാദമിക മാസ്റ്റർ പ്ലാൻ

## ന്യൂമാൻ എൽ പി എസ്  ഇടുക്കി






## അടിസ്ഥാന വിവരങ്ങൾ

1.വിദ്യാലയത്തിന്റെ പേര്: ന്യൂമാൻ എൽ.പി.സ്കൂൾ, ഇടുക്കി
വിലാസം :നായരുപാറ,പി.ഓ, 685602
ഫോൺ:9061334012
2.സ്കൂൾ കോഡ്:30205
3. വിദ്യാഭ്യാസ ജില്ല: കട്ടപ്പന
4. വിദ്യാഭ്യാസ ഉപജില്ല: കട്ടപ്പന
5. റവന്യൂ ജില്ല: ഇടുക്കി
6. ബി.ആർ. സി കട്ടപ്പന:
7. സി.ആർ സി : ജി എൻ. പി. എസ്,കരിമ്പൻ
8.ഗ്രാമപഞ്ചായത്ത് : മരിയാപുരം
9.ബ്ലോക്ക് പഞ്ചായത്ത് :ഇടുക്കി
10. ജില്ലാ പഞ്ചായത്ത് :ഇടുക്കി
11. താലൂക്ക്: ഇടുക്കി
12. വില്ലേജ് :തങ്കമണി
13.ഇ.മെയിൽ :nmlpsidukki@gmail.com
14. H. M :944633472

### മോണിറ്ററിംഗ്

ഉപജില്ലാവിദ്യാഭ്യാസ ഓഫീസ്
ബി.പി. ഒ ബി. ആർ. സി
ഹെഡ്മിസ്ട്രസ്സ്
എസ്.ആർ. ജി കൺവീനർ

## അധ്യാപക അനധ്യാപക ജീവനക്കാർ

സി.ആൻസി ജോർജ് (H.M)
സി.ജിജി തോമസ്
സി.ലിസി ജേക്കബ്
സി.മോളിക്കുട്ടി എം.വി.
സി.പ്രതിഭ ഡേവിഡ്
സി.മേഘാ ബാബു
സി. സോന ജോസ്
ശ്രീ.അമൽ ആൻറണി
ശ്രീമതി അനു ഡൊമിനിക്ക്
മിസ്സ് അന്നു മരിയ വിൽസൺ
മിസ്സ് അന്നു ടീസ റോബിൻ
ശ്രീമതി. ഷൈജ ജോഷി
ശ്രീമതി.സെലിൻ വർഗീസ് (പാചക തൊഴിലാളി )



## സ്കൂൾ ചരിത്രം

ഇടുക്കി താലൂക്കിൽ തങ്കമണി വില്ലേജിൽ മരിയാപുരം ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിൽ ഇടുക്കി നായരുപാറ കരയിൽ കട്ടപ്പന വിദ്യാഭ്യാസ ജില്ലയുടെയും ബി.ആർ.സി.യുടെയും കീഴിൽ പ്രവർത്തിക്കുന്ന ഇടുക്കി ന്യൂമാൻ എൽ.പി.സ്കൂൾ ഇടുക്കി ആർച്ച് ഡാമിനു സമീപമായി സ്ഥിതി ചെയ്യുന്നു. കുറവൻ പാറയുടെയും കുറത്തിപ്പാറയുടെയും കഥാതന്തുക്കൾക്ക് മൂർത്തരൂപം ലഭിച്ചാലെന്നവണ്ണം ഉയർന്നു നിൽക്കുന്ന ഭാരതത്തിലെ ഏറ്റവും വലിയ കമാന അണക്കെട്ടായ ഇടുക്കി ഡാം. ഇടുക്കിയുടെ പര്യായമായി തീർന്ന ഈ അണക്കെട്ട് ഇടുക്കി നാടിനെ വിശ്വപ്രസിദ്ധമാക്കി. മലയാള നാടിന്റെ പ്രകൃതി സമ്പത്തും കനേഡിയൻ സർക്കാരിന്റെ സാമ്പത്തിക സാങ്കേതിക സഹായങ്ങളും ഒന്നു ചേർന്നപ്പോൾ രൂപമെടുത്ത ഇടുക്കി അണക്കെട്ടിന്റെ നിർമ്മാണവും ഇടുക്കി ന്യൂമാൻ സ്കൂളിന്റെ സ്ഥാപനവും ഇഴ ചേർന്നു കിടക്കുന്ന ബന്ധമുണ്ട്. ഇടുക്കി ജില്ലയുടെ ഹൃദയഭാഗം എന്ന് വിശേഷിപ്പിക്കാവുന്ന ഇടുക്കിയിൽ 1973 ൽ സ്ഥാപിതമായ ഇടുക്കി ന്യൂമാൻ എൽപി സ്കൂളിന് ഇടുക്കി ഡാമിന്റെ നിർമ്മാണ കാലത്തോളം പിന്നോട്ടു പോകുന്ന ചരിത്ര വസ്തുതകളാ ണുള്ളത്.

പ്രകൃതി കെട്ടിയ കോട്ട പോലുള്ള ശൃംഗങ്ങളും താഴ്വരകളും, വനങ്ങളും, ഇടകലർന്ന, നയനമനോഹരമായി പരിലസിക്കുന്ന ഇടുക്കിയുടെ പ്രകൃതി സുന്ദരമായിരുന്നെങ്കിലും ജീവിതം ക്ലേശകരമായിരുന്നു. കാലാവസ്ഥയുടെ പ്രതികൂല്യങ്ങളും യാത്ര ക്ലേശങ്ങളും ഇവിടത്തെ കുടിയേറ്റ കർഷകരെ വലച്ചു. വിദ്യാഭ്യാസത്തിന് പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ലാതിരുന്നതിനാൽ സാംസ്കാരിക മുന്നേറ്റം പ്രതിസന്ധിയിലായിരു ന്നു. എന്നാൽ 1970 കളുടെ ആരംഭത്തിൽ ഇടുക്കിയുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കാനുതകുന്ന ഒരു നവയുഗപിറവിക്ക് തുടക്കം കുറിച്ചുകൊണ്ട് മലയാളക്കരയുടെ മുഴുവൻ ഊർജ്ജ സ്രോതസ്സായ ഇടുക്കി ആർച്ച് ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

മലങ്കര എസ്റ്റേറ്റ് സൂപ്രണ്ടും ആദിവാസിയുമായിരുന്ന കൊലുമ്പനും കൂടി വനത്തിൽ കൂടി നായാട്ടിനു പോയ സമയം കുറവൻ കുറത്തി മല അവരുടെ ശ്രദ്ധയിൽപ്പെട്ടു. ഈ മലയുടെ ഇടുക്കിൽ കൂടെ വെള്ളം ഒഴുകുന്ന കാഴ്ച അദ്ദേഹം കാണുകയും അത് ജലവൈദ്യുത പദ്ധതിക്ക് പ്രയോജനപ്പെടുത്താമെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു.

കുറവൻ കുറത്തി മലയിടുക്കിലൂടെ ആയിരുന്നു പ്രസിദ്ധമായ പെരിയാർ ഒഴുകിയിരുന്നത്. അതിനാൽ പിൽക്കാലത്ത് അതിനെ ഇടുക്കി എന്ന പേര് സിദ്ധിക്കുവാൻ ഇടയായി. കുടിയേറ്റ മേഖലയായ ഈ പ്രദേശത്തുള്ളവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം അപര്യാപ്തമായിരുന്നു.

ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് മൾട്ടി പർപ്പസ് പ്രോജക്ടിന്റെ പണിയും ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയുടെ സാന്നിദ്ധ്യവും ഇവിടുത്തെ ആളുകളെ ആകർഷിച്ചു. അങ്ങനെ ഇംഗ്ലീഷും ഹിന്ദിയും മറാത്തിയും തമിഴും സംസാരിക്കുന്ന നാനാ ജാതി ദേശക്കാരുടെ പ്രദേശമായിരുന്ന ഇടുക്കിയിൽ 1973ല് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കാൻ ഇടയായി. ഈ വിദ്യാലയം തുടങ്ങിയത് കോതമംഗലത്തു നിന്നും വന്ന കർമ്മലിത്താ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലയിരുന്നു.

തുടർന്ന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ബഹു. ബേബി ജോൺ സ്കൂളിന് അംഗീകാരം നൽകി, എയ്ഡഡ് സ്കൂൾ ആയി.നൃമാൻ എൽ.പി.സ്കൂൾ എന്ന പേരിൽ തുടർന്ന് സ്കൂൾ അറിയപ്പെടാനും തുടങ്ങി. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ മരിയാപുരം പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന കലാലയമായി മാറി.

## അവസ്ഥാ വിശകലനം

സി.എം.സി മാനേജ്മെന്റിന്റെ കീഴിലുള്ള ഈ സ്ഥാപനത്തിന് മാനേജർ നിർമ്മിച്ചു തന്ന മൂന്നുനിലയുള്ള ഒരു ഒരു നല്ല സ്കൂൾ കെട്ടിടമുണ്ട്. 10 ക്ലാസ് മുറികളിലായി കുട്ടികൾ ഇരുന്നു പഠിക്കുന്നു. കൂടാതെ ഓഫീസ് റൂം,സ്റ്റാഫ് റൂം,കമ്പ്യൂട്ടർ റൂം, ലൈബ്രറി, കൗൺസിലിംഗ് ഇവയ്ക്കുള്ള പ്രത്യേക മുറികളും കുട്ടികൾക്ക് ഒന്നിച്ച് കൂടുന്നതിനും അസംബ്ലി നടത്തുന്നതിനും മറ്റു ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനുമായി വലിയ ഹാളും അതിനാവശ്യമായ കസേരകളും സ്കൂളിന് സ്വന്തമായുണ്ട്. ലൈറ്റും ഫാനും ഓരോ ക്ലാസിലും ഹാളിലും ക്രമീകരിച്ചിട്ടുണ്ട്. ക്ലാസ്സിലേക്കും ഹാളിലേക്ക് മായി പ്രത്യേക സൗണ്ട് സിസ്റ്റം ഉണ്ട്. സ്കൂളിന്റെ പ്രധാന കവാടത്തിൽ ആർച്ചും സ്കൂളിന്റെ മുൻവശത്ത് ഗേറ്റും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിശ്രമവേളകളിൽ കുട്ടികൾക്ക് സ്കൂൾ മുറ്റത്ത് ഇരുന്നു പഠിക്കുന്നതിനായും വിനോദങ്ങളിൽ ഏർപ്പെടുന്നതിനായും മരത്തണലിൽ ബെഞ്ചുകൾ ക്രമീകരിച്ചിരിക്കുന്നു. അക്ഷരമുറ്റം, ഗണിത പാർക്ക്, സംഖ്യ മരം,താമരക്കുളം, അക്വേറിയം, ഔഷധത്തോട്ടം എന്നിവയും കുട്ടികളുടെ പുറം വാതിൽ പഠനത്തിന് സം ലഭ്യമാക്കിയിരിക്കുന്നു . സ്കൂൾ കെട്ടിടം പെയിന്റ് ചെയ്തു വൃത്തിയാക്കുകയും ഗ്രൗണ്ട് മുഴുവൻ ഇന്റർലോക്ക് കട്ടയിട്ട് മനോഹരമാക്കിയിട്ടുണ്ട്.ഈ വർഷം പുതിയതായി ടോയ്ലറ്റ് നിർമ്മിക്കുകയും പഴയ ടോയ്‌ലറ്റുകൾ ടൈലിട്ട് മനോഹരമാക്കുകയും ചെയ്തു.

ഇടുക്കി പ്രദേശത്തുള്ള കുട്ടികളെക്കാൾ കൂടുതൽ ആയി സമീപപ്രദേശമായ കരിമ്പൻ, മഞ്ഞപ്പാറ, വാഴത്തോപ്പ്, താന്നിക്കണ്ടം, പാറേമാവ്, മണിയാറൻകുടി, ഭൂമിയാംകുളം നാരകക്കാനം തുടങ്ങിയ പ്രദേശത്തു നിന്നായി വരുന്ന കുട്ടികൾക്ക് യാത്ര സൗകര്യത്തിനായി രണ്ട് ബസ്സും ഒരു ക്രൂയിസറും ഏതാനും ഓട്ടോകളും ക്രമീകരിച്ചിട്ടുണ്ട്.

സ്കൂളിന്റെ ആരംഭം മുതൽ നല്ല രീതിയിലുള്ള അധ്യാപനം നൽകുന്നതിന് ശ്രമിക്കുന്ന അധ്യാപകരാണ് ഇവിടെ ഉള്ളത്. കുട്ടികൾ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന് സ്പോക്കൺ ഇംഗ്ലീഷ് ക്ലാസും ഐടി യുഗത്തിൽ കുട്ടികളെ പ്രബുദ്ധരാക്കുന്നതിന് കമ്പ്യൂട്ടർ ക്ലാസും നയിക്കുന്നതിനായി മാനേജ്മെന്റ് രണ്ട് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. ബസ്സിൽ രണ്ട് ആയമാരും ഉണ്ട്. സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറിയിൽ നൂറോളം കുട്ടികളും നാല് അധ്യാപകരും ഉണ്ട്. ഇവർക്ക് ഒന്നിച്ചു കൂടുന്നതിന് മഴയും വെയിലും എടുക്കാതെ കളിക്കുന്നതിനുള്ള മനോഹരമായ ഹാളും സൗണ്ട് സിസ്റ്റവും ഉണ്ട്.ഒപ്പം ഈ സ്ഥലം കുട്ടികൾക്ക് ആകർഷകമാകുന്ന രീതിയിൽ പെയിന്റ് ചെയ്തു മോടിപ്പിടിപ്പിച്ചിരിക്കുന്നു.

മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി കമ്പോസ്റ്റ് കുഴികൾ നിർമ്മിച്ചിട്ടുണ്ട്. "പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ് "എന്ന ചിന്ത ഏറ്റെടുത്തുകൊണ്ട് ഇതേക്കുറിച്ചുള്ള ബോധവൽക്കരണം കുട്ടികൾക്ക് നൽകുന്നു. ഓരോ ക്ലാസിനും ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള വേസ്റ്റ് ബിന്നുകൾ ക്രമീകരിച്ചിട്ടുണ്ട്.കൂടാതെ" ഗ്രീൻ ക്യാമ്പസ് ക്ലീൻ ക്യാമ്പസ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികൾ തന്നെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിത കർമ്മ സേനാംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നു.അതോടൊപ്പം കുട്ടികളുടെ ജന്മദിനത്തിൽ പ്ലാസ്റ്റിക് രഹിത മധുര പലഹാരങ്ങൾ മാത്രം സ്കൂളിൽ കൊണ്ടുവരുന്ന കാര്യത്തിൽ മാതാപിതാക്കളും കുട്ടികളും അധ്യാപകരും ശ്രദ്ധിക്കുന്നു. ജന്മദിനത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സമ്മാനിക്കുന്ന പതിവുകൾ തുടരുന്നു. കുട്ടികളെ വായനയിൽ പ്രോത്സാഹിപ്പിച്ചു കുട്ടികളിലെ കഥ, കവിത തുടങ്ങിയ രചനകൾ വളർത്തിയെടുക്കാൻ നല്ല കഥാപുസ്തകങ്ങൾ അടങ്ങിയ ക്ലാസ്സ് ലൈബ്രറികളും ക്രമികരിച്ചിട്ടുണ്ട്. ഈ വർഷം സ്കൂൾ ലൈബ്രറി പുതുക്കുകയും പി. ടി. എ പ്രസിഡന്റ് ശ്രീ. ജോബി അഗസ്റ്റിൻ ഈശ്രരിക്കലിന്റെ നേതൃത്വത്തിൽ നൂറോളം പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു.

ക്ലാസ് റൂം ഒരു തുറന്ന പുസ്തകം എന്ന ആശയം ലക്ഷ്യം വെച്ചുകൊണ്ട് പാഠഭാഗത്തെ പ്രധാന ആശയങ്ങൾ ഓരോ ക്ലാസ് റൂമിന്റെയും ഭിത്തികളിൽ പടം വരച്ച് പെയിന്റ് ചെയ്ത് ക്രമീകരിച്ചിരിക്കുന്നത് ഏവരുടെയും ശ്രദ്ധ പിടിച്ചു പറ്റുന്നതാണ്. ദേശീയ പ്രാധാന്യമർഹിക്കുന്ന ചിത്രീകരണങ്ങൾ കുട്ടികളുടെ ഇടവേള പഠനത്തിന് ഉപകരിക്കുന്നു.കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള ക്ലബ്ബ് പ്രവർത്തനങ്ങൾക്കുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനും ടീച്ചേഴ്സ് ശ്രദ്ധിക്കുന്നു. പ്രകൃതിയിൽനിന്നും കണ്ടും തൊട്ടറി ഞ്ഞും പാഠങ്ങൾ പഠിക്കുന്ന

ജൈവവൈവിധ്യ പാർക്കും ആവാസ വ്യവസ്ഥയെ മനസ്സിലാക്കുന്നതിന് ഉപകരിക്കുന്ന താമരക്കുളവും ഉണ്ട്.ശലഭങ്ങളെ ആകർഷിക്കുവാൻ സ്കൂൾ പരിസരം മുഴുവൻ വിവിധതരം ചെടികൾ നട്ട് പിടിപ്പിച്ചിരിക്കുന്നു. ഫലവൃക്ഷവും ഔഷധത്തോട്ടവും നക്ഷത്രവനവും കൊണ്ട് മനോഹരമാണിവിടം.

കമ്പ്യൂട്ടർ പഠനം പ്രോത്സാഹിപ്പിക്കാൻ ഉപകരിക്കും വിധം 6 കമ്പ്യൂട്ടറും മൂന്ന് എൽ.സി.ഡി പ്രൊജക്റ്ററും 8 ലാപ്ടോപ്പും ഉണ്ട്.ഉച്ചഭക്ഷണ പരിപാടിക്ക് ഏറെ പ്രാധാന്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വേണ്ടി ഭക്ഷണം പാകം ചെയ്യുന്നതിനായി മനോഹരമായ അടുക്കള,സ്റ്റോർ, വർക്ക് ഏരിയ, ഭക്ഷണ വിളമ്പുന്നതിനുള്ള സ്ഥലം ഇവയെല്ലാം ടൈലിട്ട് ക്രമീകരിച്ചിട്ടുണ്ട്. നമുക്ക് ആവശ്യമായവ നാം തന്നെ ഉണ്ടാക്കുക എന്ന ചിന്തയോടെ ജൈവ പച്ചക്കറി തോട്ടം പരിപാലിച്ചു വളരുന്നു.കൂടാതെ കുട്ടികളെയും വീടുകളിൽ പച്ചക്കറിത്തോട്ടം വളർത്താൻ പ്രോത്സാഹിപ്പിക്കുകയും വിളവുകളുടെ ഓഹരി സ്കൂളിലേക്ക് കൊടുത്തുവിടാൻ മാതാപിതാക്കൾ ശ്രദ്ധിക്കുകയും ചെയ്യുന്നു.സ്കൂൾ മുറ്റത്ത് ക്രമീകരിച്ചിരിക്കുന്ന 150 ഓളം ഗ്രോബാഗ് പച്ചക്കറികളും മഴമറയിലെ പച്ചക്കറി കൃഷിയും കുട്ടികളുടെ കൃഷി പരിപാലന താൽപര്യം ഉളവാക്കാൻ സഹായിക്കുന്നു.

കുട്ടികളുടെ പഠനത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളെ പരിഹരിക്കുന്നതിനായി സ്കൂളിൽ കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. ഭവന സന്ദർശനങ്ങളിലൂടെ ഒരു പരിധിവരെ അവരുടെ കുടുംബ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അത് പരിഹരിക്കുവാൻ ഫാമിലി കൗൺസിലിങ്ങിന് അവസരം നൽകുകയും അതിലൂടെ കുട്ടികളുടെ പഠനം സുഗമമാക്കുകയും ചെയ്യുന്നു. ഈ സ്കൂളിലെ ഓരോ അധ്യാപകരും എല്ലാ കുട്ടികളെയും അവരുടെ മാതാപിതാക്കളെയും നന്നായി മനസ്സിലാക്കുകയും അവരുമായി നല്ല ബന്ധം പുലർത്തുകയും ചെയ്യുന്നതിന്റെ ഫലമാണ് ഓരോ അധ്യായനവർഷത്തിലും കുട്ടികളുടെ എണ്ണത്തിലും ഡിവിഷനുകളുടെ വർദ്ധനവിനും കാരണം ആകുന്നു എന്നത് എടുത്തു പറയാവുന്ന വസ്തുതയാണ്.

*കോകരിക്കുലർ ആക്ടിവിറ്റീസ്*

പഠനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനായി ചെണ്ട, സുംബ ഡാൻസ്, കരാട്ടെ,യോഗ, ഡാൻസ്,ചിത്രരചന, കായികം, സൈക്കിളിംഗ്, ബാഡ്മിന്റൺ, ചെസ്സ്,സ്കിപ്പിംഗ്, ക്യാരംസ്, ബോൾ, റിങ്, എന്നിവയിലുള്ള പരിശീലനവും നൽകി കുട്ടികളെ മികവുറ്റവരാക്കുന്നു.പഠനത്തിൽ മികവ് കാണിക്കാൻ സാധിക്കാത്ത കുട്ടികൾക്ക് തങ്ങളുടെ കഴിവുകളെ വിശ്വാസത്തോടെ പ്രകടമാക്കാൻ ഇത് പ്രയോജനപ്പെടുത്തുന്നു.

## 2025-2026 വർഷത്തെ പുതി പ്രവർത്തനങ്ങൾ

### കാഴ്ചപ്പാട്

നിത്യമാം പ്രകാശമേ നയിച്ചാലും എന്ന ആപ്തവാക്യവുമായി മുന്നേറുന്ന ന്യൂമാൻ സ്കൂളിന്റെ വിഷൻ : സമഗ്രവളർച്ച ആർജ്ജിച്ച് കുടുംബത്തിനും, രാഷ്ട്രത്തിനും അനുഗ്രഹമാകുന്ന തലമുറകളെ വാർത്തെടുക്കുക എന്നതാണ്.

- പാഠ പാഠ്യ അനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.
- മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.
- കാർഷിക സംസ്കാരത്തെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുക.
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരി വിമുക്ത വിദ്യാലയം.
- എല്ലാ ശേഷികളും വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന വിദ്യാലയം.
- മലയാളത്തോടൊപ്പം ഇംഗ്ലീഷിലും,ഹിന്ദിയിലും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്ന പഠിതാക്കൾ.
- ക്യാമ്പസ് ഒരു പാഠപുസ്തകമാക്കുക.

## പൊതു ലക്ഷ്യങ്ങൾ

• സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്ക് അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
• കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് വളർത്തുന്നു.
•എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ലീഷ്,ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
• കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.
•സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക, സർഗാത്മക കഴിവുകൾ കണ്ടെത്തുക.
• സ്വതന്ത്രമായ വായനയ്ക്ക് സജ്ജരാക്കുക.
• സ്വതന്ത്രമായ എഴുത്തിന് സജ്ജരാക്കുക.
• ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക,ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
• ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.
•കലാഭിരുചി വളർത്തുക.
• ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
• എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.
•ആരോഗ്യ ശീലങ്ങൾ വളർത്തുക.
•പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.
•പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്താനും,പരിപോഷിപ്പിക്കുവാനും പദ്ധതികൾ നടപ്പിലാക്കുക.
• ജൈവകൃഷിയിലൂടെ കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തി എടുക്കുക.
• പ്ലാസ്റ്റിക് മുക്ത - കീടനാശിനിമുക്ത,ലഹരിമുക്ത വിദ്യാലയം സൃഷ്ടിക്കുക.
• പ്രകൃതി തന്നെ പുസ്തകം എന്ന ആശയത്തെ വികസിപ്പിച്ച് ഒരു മാതൃക ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിച്ചെടുക്കുക.
•ക്ലാസ്സ് മുറികൾ ഹൈടെക്ക് ആക്കുകയും പഠന പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുകയും അതിനുയോജിച്ചരീതിയിൽ അധ്യാപകർക്ക് വേണ്ട പരിശീലനം നൽകുക.
• സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷകമാക്കുക.
• പൂർവ്വ വിദ്യാർത്ഥികളെയും മറ്റ് പൊതു വിദ്യാഭ്യാസതല് പരരേയും സ്കൂൾ വികസന പ്രവർത്തനങ്ങളിൽ പങ്കുചേർക്കുക.
•വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്ക് വയ്ക്കുക

## പാഠ്യേതര പ്രവർത്തനങ്ങൾ

•ദിനാചരണങ്ങൾ
•സ്പോക്കൺ ഇംഗ്ലീഷ്
• ശില്പശാല
• ഡാൻസ്
• കരാട്ടെ
• ഡ്രോയിങ്

- ചെണ്ട
- സൈക്ലിംഗ്
- സ്കിപ്പിംഗ്
- ക്യാരംസ്
- റിംഗ്
- ചെസ്സ്
- പച്ചക്കറി തോട്ടം
- ഔഷധത്തോട്ടം, ദശപുഷ്പം,

നക്ഷത്ര വനം എന്നിവയുടെ പരിപാലനം

- ജല സസ്യങ്ങൾ
- അക്വേറിയം
- കബ്ബ്&ബുൾ ബുൾ

## ആമുഖം

വിദ്യാഭ്യാസത്തിന്റെ സമഗ്ര വികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതി, ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് നയിക്കുക എന്ന മഹത്തായ ദൗത്യം ഏറ്റെടുക്കുന്നു. കുട്ടികളുടെയും അധ്യാപകരുടെയും സജീവ പങ്കാളിത്തത്തിലൂടെ ഓരോ ക്ലാസ്സ് മുറിയെയും പഠനത്തിന്റെ മികവുറ്റ കേന്ദ്രങ്ങളാക്കി
മാറ്റുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. അധ്യാപന-അഭ്യസന പ്രക്രിയയുടെ നിരന്തരമായ നിരീക്ഷണവും, പ്രധാനാധ്യാപകരുടെ സമയബന്ധിതമായ അക്കാദമിക
ഇടപെടലുകളും കുട്ടികളുടെ പഠനത്തിൽ സുപ്രധാനമായ മാറ്റങ്ങൾക്ക് വഴിയൊരുക്കും. അദ്ധ്യാപകർക്ക് ആവശ്യമായ പിന്തുണ നൽകാനും, സഹകരണത്തിലൂടെ പുരോഗമനപരമായ ഒരു പരിശീലന സംസ്കാരം വളർത്താനും പ്രായോഗികമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും, അവരുടെ അതുല്യമായ കഴിവുകളെ തിരിച്ചറിഞ്ഞ്
വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ കാതൽ.

വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം:

ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ മുഴുവൻ കുട്ടികളും സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് തെറ്റില്ലാതെ ലഘുബാലസാഹിത്യകൃതികൾ വായിക്കുന്നതിനും അനുഭവങ്ങളും ആശയങ്ങളും തെറ്റില്ലാത്ത ഭാഷയിൽ
എഴുതുന്നതിനും കഴിവ് നേടുന്നു.

- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുത്ത് തുടരുകയും കുട്ടികൾ സ്വതന്ത്രരചയിതാക്കൾ ആവുകയും ചെയ്യും.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ ഏർപ്പെടുന്നതിന് കുട്ടികൾക്ക്
അവസരം ഒരുക്കും.
- കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപെട്ടുകൊണ്ട് അറിവ് നിർമാണ പ്രക്രിയകളിലൂടെ പഠനനേട്ടങ്ങൾ
കൈവരിക്കുന്നു.
- സംഖ്യാബന്ധങ്ങൾ സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

<u>ഉള്ളടക്കം</u>


- പ്രവർത്തനകലണ്ടർ
- പ്രത്യേക പ്രവർത്തന പാക്കേജ
- പ്രവർത്തനം വിശദാംശങ്ങൾ :-മലയാള മധുരം
- സംയുക്ത ഡയറി
- പാട്ടരങ്ങ്
- റീഡേഴ്സ് തിയേറ്റർ
- ക്ലാസ് പത്രം
- ഭാഷോത്സവം
- രചനോത്സവം
- അരങ്ങത്തേക്ക്
- സമഗ്ര പുരോഗതി രേഖ
- അക്കാദമിക മോണിറ്ററിങ്
- വികാസ പഥ വിലയിരുത്തൽ
- വാർഷികാസൂത്രണം
- ഒന്നാം term pta അജണ്ട
- സമഗ്രാസൂത്രണം (വിഷയാടി
  സ്ഥാനത്തിൽ)
- ലഹരി :- രാസ ലഹരി, മൊബൈൽ അഡിക്ഷൻ


സ്കൂളിലെ പ്രവർത്തനങ്ങൾ

രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ
ശക്തിപ്പെടുത്തും.
സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാക്കും.
പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ (ഉൾച്ചേർക്കൽ) പഠനപ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്തു നടപ്പാക്കൽ.
ഇംഗ്ലീഷ് ഭാഷ സ്വയം നേടിയെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ലാംഗ്വേജ് അക്വിസിഷൻ പ്രവർത്തനങ്ങൾ ഒരുക്കി നൽകി സ്വതന്ത്രമായി ഭാഷ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1 | പ്രവർത്തനകലണ്ടർ | മെയ് 2025 (അവലോകനം) |
| 2 | പ്രത്യേക പ്രവർത്തന പാക്കേജ് | ജൂൺ 3 - ജൂൺ 13, 2025 |
| 3 | മലയാള മധുരം | ജൂൺ 2025 - മാർച്ച് 2026 |
| 4 | സംയുക്ത ഡയറി | ജൂൺ 2025 - മാർച്ച് 2026 |
| 5 | പാട്ടരങ്ങ് | ജൂൺ 2025 - മാർച്ച് 2026 |
| 6 | പ്രവർത്തന പുസ്തകം, വർക്ക് ബുക്ക് | ജൂൺ 2025 (വിതരണം) |
| 7 | റീഡേഴ്സ് തിയേറ്റർ | ജൂലൈ 2025 - മാർച്ച് 2026 |
| 8 | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ 2025 - മാർച്ച് 2026 |
| 9 | ക്ലാസ് പത്രം | ജൂൺ 2025 (ആരംഭം), ഓഗസ്റ്റ് 2025 മുതൽ മാസം ഓരോന്ന് വീതം |
| 10 | രചനോത്സവം | ജൂലൈ 2025 മുതൽ ഫെബ്രുവരി 2026 വരെ മാസംതോറും |
| 11 | ഭാഷോത്സവം | ജനവരി 2026 |
| 12 | ഗണിതകിറ്റ്, ഗണിതമൂല | 2025 |
| 13 | ഗണിതം-സചിത്ര നോട്ട്ബുക്ക് | ജൂൺ 2025 - മാർച്ച് 2026 |
| 14 | Hello English Adaptation | ജൂൺ 2025 - മാർച്ച് 2026 |
| 15 | ക്ലാസ്സ്തല ബാലസഭ | എല്ലാ ശനി ദിവസങ്ങളിലും (പ്രവർത്തനമുള്ള ദിവസങ്ങളിൽ) |
| 16 | അരങ്ങത്തേക്ക് | ജൂലൈ 2025 - മാർച്ച് 2026 |
| 17 | പരീക്ഷണോത്സവം | ജൂലൈ 2025 - മാർച്ച് 2026 |
| 18 | അക്കാദമിക മോണിറ്ററിങ് | എല്ലാ മാസവും |
| 19 | വികാസപ്രദ വിലയിരുത്തൽ | എല്ലാ മാസവും |

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

## ജൂൺ 3 മുതൽ ജൂൺ 13 വരെ -പ്രത്യേക പ്രവർത്തനങ്ങൾ

| തിയതി | വിഷയ മേഖലകൾ |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

# എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം. എസ്.ആർ.ജി മാസ്റ്റിൽ തയ്യാറാക്കണം.
# 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.
# കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.
# സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.
#:ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.
# ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.
# ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം.

പ്രത്യേക പ്രവർത്തന പാക്കേജ്

വിദ്യാലയങ്ങളിലെ ക്ലാസ് തല പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നൽകിയിട്ടുള്ള 2025 ജൂൺ 3 മുതൽ ജൂൺ 13 വരെയുള്ള തീയതികളിൽ ലോവർ പ്രൈമറി (എൽ.പി) തലത്തിലെ വിദ്യാർത്ഥികൾക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ രേഖ.
അടിസ്ഥാനപരമായ

ധാരണകളും കഴിവുകളും വികസിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട്, അടിസ്ഥാന ആശയങ്ങൾ, സുരക്ഷ,
ക്ഷേമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, വിവിധ ആകർഷകമായ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ അവശ്യമായ ധാരണകളും കഴിവുകളും വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
എൽ.പി. തലത്തിലെ വിദ്യാർത്ഥികൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത പ്രവർത്തനങ്ങളുടെ സംഗ്രഹം
താഴെ നൽകുന്നു.

പിന്തുണ അനുബന്ധങ്ങൾ:-

1) വളരുന്ന കുട്ടികൾക്കൊപ്പം - രക്ഷിതാവറിയാൻ (കൈപ്പുസ്തകം)
2) ജീവിതപാഠം (കൈപ്പുസ്തകം)
3) a) തെളിവാനം വരയ്ക്കുന്നവർ (പുസ്തകം, അതിനായുള്ള മൊഡ്യൂൾ)
b) ലഹരി ഒരു തിരിച്ചറിവ് കുറിപ്പ്
4) സുരക്ഷിതയാത്ര (കൈപ്പുസ്തകം)
5) മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ശുചിത്വവിദ്യാലയം
6)ഹരിതവിദ്യാലയം പ്രവർത്തനമാർഗ്ഗരേഖ
7) ആരോഗ്യം, വ്യായാമം, കായികക്ഷമത
* കൗമാര ആരോഗ്യം (RKSK) മാർഗ്ഗരേഖ
* ഉല്ലാസപ്പറവകൾ- കൈപ്പുസ്തകം
* സ്കൂൾ ഹെൽത്ത് & വെൽനസ്സ് പ്രോഗ്രാം - മാർഗ്ഗരേഖ
* ആക്റ്റിവിറ്റി ബുക്ക്.
* ആരോഗ്യ ജാഗ്രത - മാർഗ്ഗരേഖ
* സ്കൂൾ ആരോഗ്യ പരിപാടി - മാർഗ്ഗരേഖ

**എൽ.പി.** തലത്തിലെ പ്രവർത്തന സംഗ്രഹം**,** ദിവസം തിരിച്ച്**:-**

**2025** ജൂൺ **3:** പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം.
നിലവിലുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുമുള്ള പൊതുവായ ധാരണ വളർത്താൻ ഈ
സെൻ ലക്ഷ്യമിടുന്നു.
പ്രധാന പ്രവർത്തനങ്ങൾ:
പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.
അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.

വിദ്യാലയത്തെ മനസ്സിലാക്കൽ: സ്കൂളിന്റെ വിവിധ ഭാഗങ്ങളായ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം, സ്റ്റോർ, ടോയ്ലറ്റുകൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള കുറിപ്പുകളോടെ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ നടപടികൾ, പകർച്ചവ്യാധി പ്രതിരോധം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, പൂന്തോട്ടങ്ങൾ (പൂന്തോട്ടം, അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം), സസ്യ വൈവിധ്യം, ലൈബ്രറി എന്നിവയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.
രീതിശാസ്ത്രം: നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ തയ്യാറാക്കൽ, ലളിതമായ ജോലികൾ

എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.
***2025*** **ജൂൺ *4:*** സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.
പ്രധാന പ്രവർത്തനങ്ങൾ:
റോഡ് സുരക്ഷാ ചർച്ച്: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും.
മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കുട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.
സ്കൂൾ വാഹന സുരക്ഷ. സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
**2025 ജൂൺ 5:** ശുചിത്വം**,** പരിസ്ഥിതി**,**

സൗന്ദര്യവൽക്കരണം, മാലിന്യമുക്ത വിദ്യാലയം
ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.
പ്രധാന പ്രവർത്തനങ്ങൾ:
വ്യക്തിഗത ശുചിത്വം (10 മിനിറ്റ്):
ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ഭംഗിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്),
- എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
- ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
പരിസര ശുചിത്വം (20 മിനിറ്റ്):
- അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം, ക്ലാസ്സ്മുറി, സാധനങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, സ്റ്റാഫ് റൂം, അടുക്കളഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.
ഈ നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.
ഹരിത കാമ്പസ് (20 മിനിറ്റ്):
സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.
ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ.
വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):
സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.
**2025 ജൂൺ 9:** പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം,

ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ
ധാരണ വളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.
പ്രധാന പ്രവർത്തനങ്ങൾ:
തലമുടി മുതൽ കാൽ വരെ പരിചരണം: ദൈനംദിന വ്യക്തിഗത ശുചിത്വ പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:
. തലയും മുടിയും: ദിവസവും മുടി കഴുകുക, നന്നായി ഉണക്കുക, ഭംഗിയായി ചീകുക.
-
മുഖം: ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.
- കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക.
മൂക്ക്: മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തുവാല ഉപയോഗിക്കുക.
. വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ കുടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.
ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.
- കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ
- പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കുക, പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക, വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക.
- ശരീര ശുചിത്വം: ദിവസവും കുളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുക.
പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക. കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം, ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക. ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ് വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS പിങ്ക് നീല ഗുളികകളെക്കുറിച്ചുള്ള വിവരങ്ങൾ. ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക.
- കണ്ണുകളുടെ സംരക്ഷണം: വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും ടാബ്ലെറ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക, തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കുറവാക്കുക. ദീർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്ക്രീൻ ഉപയോഗത്തിന് "20-20-20-20 നിയമം പാലിക്കുക.
ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. ഏതെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കടിച്ച് കഴിക്കുന്നത് ഒഴിവാക്കി പതുക്കെ കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃദലമായ ബ്രഷും ഫ്ലൂറൈഡ് അടങ്ങിയ ടൂത്ത് പേസ്റ്റും ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.
വ്യായാമം ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ

ഉൾപ്പെടുത്തുക. വീട്ടിൽ വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.
മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക. മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്.

**2025** ജൂൺ **10:** ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴിക്കാനുമായി
ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്.
ഇത്
കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാ
ധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ
ഡിജിറ്റൽ അച്ചടക്കത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന,
പോസ്റ്റർ
നിർമ്മാണം, റോൾ പ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്.
ഇതു
സംബന്ധിച്ച് കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ചുവടെ പറയുന്ന
പ്രയോജനപ്പെടുത്താവുന്നതാണ്.
കാര്യങ്ങൾ ചർച്ചാസൂചകമായി
രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
> ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
► കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.
► കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്.
സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.
ഡിജിറ്റൽ ഉപകരണങ്ങളുടെ സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.
ഡിജിറ്റൽ ഉപകരണങ്ങളുടെ അമിതോപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും
ഈ സംഗ്രഹം, നിർദ്ദിഷ്ട തീയതികളിൽ എൽ.പി. തലത്തിൽ വ്യക്തമായി പരാമർശിച്ചിട്ടുള്ള1:
പൊതുമുതൽ സംരക്ഷണം

***2025*** ജൂൺ ***11:*** പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ്
ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

<u>പ്രധാന പ്രവർത്തനങ്ങൾ*:*</u>

അവബോധ ക്ലാസ്സുകൾ:

പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കുറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.

- ശുചീകരണ യജ്ഞങ്ങൾ:

സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.
മാതൃകാപരമായ പെരുമാറ്റം:
പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.
പൊതു ടോയ്ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.

- ചുമർ ചിത്രങ്ങളും സന്ദേശങ്ങളും:

പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുമർ ചിത്രങ്ങൾ വരയ്ക്കാനും സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.

***<u>2025</u>*** <u>ജൂൺ</u> ***<u>13:</u>*** <u>രാസ ലഹരി, മൊബൈൽ അഡിക്ഷൻ</u>

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുടെയും മൊബൈൽ അഡിക്ഷന്റെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവരിൽ നിന്ന് അവരെ സംരക്ഷിക്കുക
എന്നതാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.
പ്രധാന പ്രവർത്തനങ്ങൾ:
ബോധവൽക്കരണ സെമിനാറുകൾ:
രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
മൊബൈൽ ഫോണുകളുടെയും മറ്റ് സ്ക്രീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.
ലഘുലേഖകളും പോസ്റ്ററുകളും:
ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.
. വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.
ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക.
പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ

തുടക്കം മുതലേ വീഡിയോ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.
ചുമതല: ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ, പ്രധാനധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ

**മേഖല : അക്കാദമികം** **ഉപമേഖല : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഉൾചേർന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പരിഗണന ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന | പ്രീ ടെസ്റ്റ് അക്ഷരം<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രങ്ങൾ അടിക്കുറിപ്പ്<br>കഥ പറയൽ കഥ പൂർത്തിയാക്കൽ<br>മലയാളത്തിളക്കം<br>ശ്രദ്ധ പ്രതിഭാ കേന്ദ്രം | ജൂൺ<br>ജൂൺ<br>ജൂലൈ മുതൽ | ക്ലാസ് അധ്യാപകർ<br>ചുമതലയുള്ള അധ്യാപകർ | പിടിഎ<br>BRC<br>BRC IED |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ്സ് വായനാക്കൂട്ടം<br>വായന മൂല ക്ലാസ്<br>ലൈബ്രറി സ്കൂൾ ലൈബ്രറി<br>സ്വീകരിക്കാൻ<br>വായനോത്സവം<br>സംഘടിപ്പിക്കാൻ<br>പത്രവായന അമ്മ<br>വായന കുട്ടി വായന<br>അച്ഛൻ വായന വയനാട്<br>കുറിപ്പ് പതിപ്പ്<br>വിദ്യാരംഗം | ജൂൺ മുതൽ<br>വർഷം മുഴുവൻ | ക്ലാസ് അധ്യാപകർ | പിടിഎ<br>BRC |

| | | | | |
|---|---|---|---|---|
| | കലാസാഹിത്യവേദി<br>ബാലസഭ<br>ദിനാചരണങ്ങൾ ,പത്രം<br>,ബാലമാസികകൾ<br>പ്രാദേശിയുമായി വായന<br>കാർഡ് നിർമ്മാണം | ജൂൺ<br>ജൂലൈ | | പബ്ലിക്<br>ലൈബ്രറി |
| ഭാഷാപരമായി<br>പിന്നോക്കം<br>നിൽക്കുന്നവരെ<br>മുന്നോട്ട്<br>കൊണ്ടുവരിക | ശലഭം<br>അക്ഷരങ്ങളും<br>ചിഹ്നങ്ങളും<br>ഉറപ്പിക്കുന്നതിന്<br>◆ അക്ഷരചിത്രം<br>◆ ചിഹ്നമില്ലാത്ത വാക്കുകൾ<br>◆ ചിഹ്നം ചേർത്തെഴുതുന്ന വാക്യങ്ങൾ | ലക്ഷ്യം<br>നേടുന്നതുവരെ | ക്ലാസ്<br>അധ്യാപകർ | SRG<br>HM<br>SRG |
| ആശയഗ്രഹണ<br>വായന ഉറപ്പിക്കുക | ◆ വായനക്കാർഡ്<br>◆ വിശകലന ചോദ്യങ്ങൾ<br>◆ ഐ സി ടി<br>◆ ക്ലാസ് ലൈബ്രറി<br>◆ ഹോം ലൈബ്രറി | വർഷം<br>മുഴുവൻ | ക്ലാസ് ടീച്ചർ | HM<br>SRG |

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| കുട്ടിയെ മികച്ച<br>എഴുത്തുകാരൻ<br>ആക്കുക | എഴുത്തുകൂട്ട രൂപീകരണം<br>ക്ലാസ് ലൈബ്രറി<br>വയനാക്കുറിപ്പ്<br>പതിപ്പ്<br>ചുവർ പത്രിക<br>ബാലസഭ | ജൂൺ<br>ജൂൺ മുതൽ<br>ഓഗസ്റ്റ് | ക്ലാസ്<br>അധ്യാപകർ | പി ടി എ<br>ബി ആർ<br>സി |

| | | | | |
|---|---|---|---|---|
| | പത്രനിർമ്മാണം<br>വ്യക്തിഗത രചന<br>സംഘ രചന<br>കയ്യെഴുത്തു മാസിക<br>തലക്കെട്ട് നിർമ്മാണം<br>കുറിപ്പ് തയ്യാറാക്കൽ<br>കഥാരചന<br>ചിത്രം നോക്കി കഥ<br>എഴുതാൽ<br>യാത്രാവിവരണം<br>തയ്യാറാക്കൽ | സെപ്റ്റംബർ<br>മാസങ്ങളിൽ<br>ജനവരി<br><br><br><br>ഡിസംബർ<br>ജനവരി | | |

**മേഖല : അക്കാദമികം ഉപമേഖല : ഇംഗ്ലീഷ് പഠന പരിപോഷണം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും<br>എല്ലാ കുട്ടികൾക്കും<br>ഇംഗ്ലീഷ് ഭാഷ<br>ഫലപ്രദമായി<br>കൈകാര്യം<br>ചെയ്യാനുള്ള ശേഷി<br>നേടൽ<br>Creation of English atmosphere in the school<br>ഡിക്ഷ്ണറി<br>നിർമ്മാണം<br>രക്ഷിതാക്കളുടെ<br>പങ്കാളിത്തത്തോടെ<br>ഡിക്ഷണറി<br>നിർമ്മാണം | പഠനനില കണ്ടെത്തൽ<br>ടെസ്റ്റ് നടത്തി<br>വിശകലനം ചെയ്യു<br>മികവുകളും<br>പരിമിതികളും<br>കണ്ടെത്തുന്നു.<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഡയറി<br>ഒരു ദിവസം ഒരു ഭാഷാ<br>പരിപാടി<br>പതിപ്പുകൾ<br>മാഗസിനുകൾ<br>ഇംഗ്ലീഷ് ക്ലാസ്<br>ലൈബ്രറി<br>വായന സാമഗ്രികൾ<br>പത്രം<br>ഐസിടി<br>പ്രയോജനപ്പെടുത്തൽ | ജൂൺ<br><br><br><br><br>ജൂലൈ മുതൽ<br>ആഴ്ചയിൽ ഒരു<br>ദിവസം<br>ഡിസംബർ<br>മുതൽ<br>ഫെബ്രുവരി<br>സെപ്റ്റംബർ<br>മുതൽ മാർച്ച്<br>വരെ | ക്ലാസ് ടീച്ചർ<br><br>SRG<br><br>ക്ലാസ് ടീച്ചർ | പി ടി എ<br>ബി ആർ<br>സി |

| മേഖല : അക്കാദമികം | | | | ഉപമേഖല : ഇംഗ്ലീഷ് |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
| To speak read and write english without any mistaken | Pre test ,hello English activities<br>conversations<br>assembly<br>short stories<br>riddles<br>use ICT<br>growing sentence<br>cartoon<br>rhymes<br>film<br>self introduction<br>picture reading<br>identifying action cards from the picture | June<br>July<br><br>August<br>September | Class teacher | SRG |
| To develop reading skills | Find words from the passage<br>Rhyming words<br>Collct and read past tense<br>TB activities<br>Arranging library in the classroom<br>Newspaper readings | | Class teacher | HM |
| Writing skills | Make word web<br>Picture description<br>word chain<br>sentence chain<br>made words and sentences<br>make riddles<br>Add more lines<br>develop story<br>poster making<br>Words prepositions | October<br>November<br>December | | SRG<br><br><br><br>BRC |

| മേഖല : അക്കാദമികം | | | | ഉപമേഖല : പരിസരപഠനം |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
| മനോഭാവങ്ങൾ<br>മൂല്യങ്ങൾ<br>തീരുമാനമെടുക്കാൻ<br>എന്നിവയുള്ള | പ്രോജക്ട്<br>പ്രവർത്തനങ്ങൾ<br>സൂക്ഷ്മതയോടെ ഓരോ<br>പ്രവർത്തനങ്ങളെയും | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br><br>പി ടി എ | SRG<br>PTA<br>BRC |

| | | | | |
|---|---|---|---|---|
| ശേഷിനേടൽ | നോക്കിക്കാണം<br>സയൻസ് കോർണർ<br>ദൈനംദിന ജീവിത<br>പ്രശ്നങ്ങൾ പരിഹാരം<br>ഉപകരണങ്ങൾ<br>കൈകാര്യം ചെയ്യാൻ<br>പാറ്റേൺ രൂപീകരണം<br>സാമാന്യവത്കരണം<br>സാങ്കേതികവിദ്യയുമായി<br>ബന്ധപ്പെട്ട<br>പ്രശ്നപരിഹരണം<br>രൂപകൽപ്പന ചെയ്യൽ<br>പൊതു തത്വം<br>രൂപീകരിക്കൽ | | | |
| ശാസ്ത്രാഭിരുകി<br>കട്ടികളിൽ<br>വളവളർത്തൽ<br><br><br><br><br><br><br><br><br><br><br><br>നിരീക്ഷണപാടവം<br>കട്ടികളിൽ<br>വളർത്തൽ | പരീക്ഷണങ്ങൾ<br>നിരീക്ഷണം താരതമ്യം<br>ചെയ്യൽ<br>ശാസ്ത്ര ക്വിസ്<br>ശാസ്ത്രജ്ഞൻമാരെ<br>പരിചയപ്പെടൽ<br>മാതൃക നിർമ്മാണം<br>ചിത്രീകരണം പതിപ്പ്<br>ഐസിടി സാധ്യത<br>പ്രകൃതി നടത്തം<br>സൂക്ഷ്മ നിരീക്ഷണം<br>തരംതിരിക്കൽ<br>പഞ്ചേന്ദ്രിയങ്ങളിലൂടെ<br>അനുഭവിച്ചറിയൽ<br>പരസ്പര ആശ്രയത്വം<br>ആവാസ വ്യവസ്ഥ<br>തിരിച്ചറിയൽ<br>പ്രകൃതി പ്രതിഭാസങ്ങൾ<br>തിരിച്ചറിയ | ജൂൺ മുതൽ<br><br><br><br><br><br><br><br>ജൂൺ മുതൽ<br><br>സെപ്റ്റംബർ<br>മാർച്ച് വരെ<br><br><br>ജൂൺ മുതൽ | ക്ലാസ് ടീച്ചർ | SRG<br>PTA<br>BRC |

| മേഖല : അക്കാദമികം | | ഉപമേഖല : ഗണിതം | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **പിന്തുണ** |
| സംഖ്യാവബോധം<br>സംഖ്യയെ<br>വ്യാഖ്യാനിക്കാനു<br>ള്ള ശേഷി<br>ഉറപ്പിക്കുക<br>സംഘടന<br>ഉറപ്പിക്കാൻ<br>ഗണിത പഠനം<br>രസകരവും<br>ആസ്വാദ്യകരവും<br>ആയി കുട്ടിക്ക്<br>അനുഭവമാക്കുക<br><br>ഗണിത കിറ്റ്<br>കുട്ടിക്ക് ഉറപ്പാക്കൽ<br>അഞ്ചിന്റെയും<br>പത്തിന്റെയും<br>കൂട്ടങ്ങൾ ചേർത്ത്<br>സംഖ്യകൾ<br>രൂപീകരിക്കൽ<br>സങ്കലനം<br>വ്യവകലനം<br>ഉറപ്പിക്കൽ<br><br>സംഘലനം | സഖ്യ പാറ്റേണുകളിലെ<br>സംഖ്യാവബോധം<br>കണ്ടെത്തൽ<br><br>ഒരു സംഖ്യയോട് ഒന്നു<br>കൂട്ടുമ്പോൾ അടുത്ത<br>സംഖ്യ കിട്ടും. ഒന്നു<br>കുറച്ചാൽ തൊട്ടുമുൻപുള്ള<br>സംഖ്യ കിട്ടും .ആകെ<br>എണ്ണം പറയൽ<br>വസ്തുക്കൾ ഉപയോഗിച്ച്<br>ആരോഹണ<br>അവരോഹണം<br>വലുത് ചെറുത് സങ്കലനം<br>ഉറപ്പിക്കാൽ<br>വസ്തുക്കൾ<br>ഉപയോഗിച്ചുള്ള<br>പ്രവർത്തനങ്ങൾ<br>വിവിധ നാടൻ<br>കളികളിലൂടെ<br>സംഖ്യാവബോധം<br>ഉറപ്പാക്കൽ<br>ഗുണനപ്പട്ടിക<br>രൂപീകരണം<br>കളി നോട്ട് ഉപയോഗിച്ച്<br>ഒന്ന് നൂറ് എന്നിവയുടെ<br>കൂട്ടങ്ങൾ ആക്കി മാറ്റുന്നു. | ജൂൺ<br>ജൂലൈ<br><br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br><br>നവംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ | SRG<br>PTA<br>BRC |

| | | | | |
|---|---|---|---|---|
| വ്യവകലനം ഗുണനം എന്നീ ക്രിയകൾ ഉറപ്പാക്കൽ സംഖ്യാവബോധം ഉറപ്പിക്കൽ കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിൻറെ പ്രാധാന്യം മനസ്സിലാക്കുന്നതിനും | നിശ്ചിത അളവിലുള്ള രൂപങ്ങൾ പാറ്റേണുകൾ വിവരശേഖരണം പട്ടികപ്പെടുത്താൻ വിവിധതരം അളവുകൾ കലണ്ടർ നിർമ്മാണം സമയം പരസ്പരം ബന്ധം കണ്ടെത്തൽ മതിച്ചു പറയാൻ നിഗമനം രൂപീകരിക്കാൻ പസിലുകൾ നിർമ്മാണ പ്രവർത്തനങ്ങൾലാബ് പ്രവർത്തനങ്ങൾ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ SRG | PTA BRC |

**മേഖല : അക്കാദമികം** **ഉപമേഖല : *ICT***

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| പഠനം ആയാസരഹിതവും ആഹ്ലാദകരവും ആക്കുന്നതിന് | വിഷയാധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ കളികൾ കളിപ്പെട്ടി പൊതുവിജ്ഞാനം വാർത്തകൾ പാട്ടുകൾ വിവിധയിനം കലാരൂപങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾ ടൈപ്പിംഗ് | ജൂൺ മുതൽ | ക്ലാസ് ടീച്ചർ ഐടി ടീച്ചർ | എസ് ആർ ജി ബി ആർ സി |

| മേഖല : അക്കാദമികം | | ഉപമേഖല : ലാംഗ്വേജ് ലാബ് | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
| പാഠ്യ വിഷയങ്ങൾ ആസ്വാദ്യകരമാക്കുന്നതിന് എല്ലാ വിഷയത്തിനും ഓരോ ലാബുകൾ | ഗണിത ലാബ്<br>മലയാളം ലാബ്<br>ശാസ്ത്ര ലാബ്<br>ഇംഗ്ലീഷ് ലാബ്<br>ഐസിടി ലാബ്<br>പഠനോപകരണ നിർമ്മാണം<br>ലൈബ്രറി പാഠ്യസ്തകങ്ങൾ നിർമ്മാണം<br>മുത്തുകൾ<br>അബാക്കസ്<br>അക്ഷരപ്പസിലുകൾ<br>സ്റ്റാമ്പ്<br>കളി ഉപകരണങ്ങൾ<br>പരീക്ഷണത്തിന്<br>നിരീക്ഷണത്തിന്<br>സ്വയം പഠനത്തിന്<br>സഹപാഠനത്തിന് | ജൂൺ മുതൽ | അധ്യാപകർ | ബി ആർ സി<br>എസ് എം സി |

| മേഖല : അക്കാദമികം ഉപമേഖല : കലാപഠനം പ്രവൃത്തിപരിചയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
| കുട്ടികളുടെ നൈസർഗികമായ കലാവാസനകൾ പരിപോഷിപ്പിക്കുന്നതിന് പ്രവർത്തി പഠനം | സംഗീതം<br>നൃത്തം<br>ചിത്രരചന ശിൽപ്പശാല<br>നാടകം<br>സിനിമ<br>വിഷയാനുബന്ധ പ്രവർത്തനങ്ങൾ | ജൂൺമുതൽ | കലാധ്യാപകർ<br>ക്ലാസ്സ് ടീച്ചർ | ബി ആർ സി<br>എസ് എം സി<br>പി ടി എ |
| തൊഴിലിനോട് ആഭിമുഖ്യ ആഭിമുഖ്യമുള്ള സാമൂഹിക ബോധമുള്ളവർ ആക്കി തീർക്കുന്നതിന് | തൊഴിൽ സന്നദ്ധത<br>വ്യക്തിത്വ വികസനം<br>മനോഭാവങ്ങൾ<br>നിർമ്മാണ പ്രവർത്തനങ്ങൾ<br>കരകൗശല വസ്തുക്കൾ<br>കൃഷിയോടുള്ള ആഭിമുഖ്യം | | ക്ലാസ്സ് ടീച്ചർ | |

| മേഖല : അക്കാദമികം ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
| കുട്ടികളിൽ ആരോഗ്യകരമായ ജീവിതശീലങ്ങളും മനോഭാവങ്ങളും വളർത്തുക കളികളിലൂടെയുള്ള പഠനം | ശരിയായ ആരോഗ്യ ശീലങ്ങൾ<br>ശരീരചലനം നിയന്ത്രിക്കുന്ന വിവിധ ഘട്ടങ്ങൾ തിരിച്ചറിയൽ<br>ശരീരത്തെ സർഗാത്മകമായ | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ | ബി ആർ സി<br>എസ് എം സി<br>പി ടി എ |

| | | | | |
|---|---|---|---|---|
| പി ടി<br>സൂംബാ ഡാൻസ്<br><br>പ്രതിഭകളായ<br>കുട്ടികളെ മികച്ച<br>പ്രതിഭാശാലികളാ<br>ക്കൽ<br><br>വ്യത്യസ്ത<br>രീതിയിലുള്ള<br>സർഗ്ഗാത്മക<br>പരിശീലനം<br><br>എല്ലാ<br>വെള്ളിയാഴ്ചയും<br>സർഗ്ഗ വേള<br><br>വിവിധ<br>മാധ്യമങ്ങളിലൂടെ<br>ആശയപ്രകടനത്തി<br>നും | ചലനങ്ങൾക്കുള്ള<br>ഉപാധിയായി<br>വികസിപ്പിക്കുക<br>സാമൂഹിക<br>ഉത്തരവാദിത്തങ്ങൾ<br>ജനാധിപത്യപരമായ<br>ജീവിതശൈലികൾ<br>സർവതോന്മുഖമായ<br>വികാസം<br>ഉറപ്പുവരുത്തുന്നതിനുള്ള<br>പ്രവർത്തനങ്ങൾ<br><br>വിഷയാധിഷ്ഠിത ക്വിസ്<br>പ്രോഗ്രാമുകൾ<br>സർഗ്ഗ വേദികൾ<br>പഠനകളരികൾ<br>മത്സരങ്ങൾ (സ്കൂൾതലം<br>ഉപജില്ല ജില്ലാതലം)<br><br>മനോചിത്ര രൂപീകരണം<br>സ്വപ്നം കാണൽ<br>ഉപകരണങ്ങളും<br>യന്ത്രങ്ങളും ഡിസൈൻ<br>ചെയ്യാൻ സ്വന്തം<br>വികാരവിചാരങ്ങൾ<br>സൃഷ്ടിപരമായി<br>പ്രകടിപ്പിക്കൽ<br><br>അഭിമുഖം<br>വാർത്താവിതരണം<br>പ്രാദേശിക വാർത്ത<br>വിനിമയം ക്ലബ്ബ് | സെപ്റ്റംബർ<br>മുതൽ | അധ്യാപകർ | പിടിഎ<br>സംഘടന<br>കൾ |

| | | | | |
|---|---|---|---|---|
| പ്രകാശനത്തിനും | പ്രവർത്തനങ്ങൾ<br>വിദ്യാരംഗം ബാലവേദി<br>ക്യാമ്പുകൾ പത്ര ദൃശ്യ<br>മാധ്യമങ്ങൾ | | | |

**മേഖല : അക്കാദമികം** **ഉപമേഖല : പ്രത്യേക പരിഗണന അർഹിക്കുന്നവർ**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| പ്രത്യേക<br>പരിഗണന<br>അർഹിക്കുന്നവർക്ക്<br>പ്രത്യേക<br>പരിഗണന<br>നൽകൽ | കണ്ടെത്തൽ<br>കളികൾ<br>നിർമ്മാണ<br>പ്രവർത്തനങ്ങൾ<br>സമീപനം<br>ഇന്ദ്രിയ അധിഷ്ഠിത<br>സമീപനം<br>വ്യത്യസ്ത തലങ്ങളിലുള്ള<br>പഠനരീതി<br>വിവരവിനിമയ<br>സാങ്കേതികവിദ്യയിലൂടെ<br>നൂതനമായ<br>കാഴ്ചപ്പാടുകൾ<br>രക്ഷിതാക്കൾക്ക്<br>ബോധവൽക്കരണം<br>വിദഗ്ധരുടെ സേവനം<br>പ്രയോജനപ്പെടുത്തൽ<br>കലാസാഹിത്യരംഗങ്ങ<br>ളിൽ അവസരം | ജൂൺമുതൽ | ക്ലാസ് ടീച്ചർ<br>IED<br>അധ്യാപകർ | പിടിഎ<br>ബി ആർ<br>സി |
| | | | | |

| | | | | |
|---|---|---|---|---|
| | കാഹാര കലണ്ടറുകൾ പോസ്റ്ററുകൾ ആധുനിക കൃഷി രീതികൾ അവതരിപ്പിക്കുന്നു എല്ലാ കാലാവസ്ഥയിലും കൃഷി നടത്താമെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുന്നു ഉച്ചഭക്ഷണത്തിന് ആവശ്യമായ വാഴ ചേന ചേമ്പ് കപ്പ ഇഞ്ചി മഞ്ഞൾ പപ്പായ കാന്താരി തുടങ്ങിയവ ആവശ്യമായ രീതിയിൽ ജൈവകൃഷി രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു ആഴ്ചയിൽ ഒരിക്കൽ ഇലക്കറി ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു | കൃഷി ചെയ്യുന്നു | | |

**മേഖല : അക്കാദമികം** **ഉപമേഖല : ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| എല്ലാവരെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക | ലൈബ്രറി നവികരണം<br>തരംതിരിക്കൽ<br>വായനാക്കുറിപ്പുകൾ<br>പുസ്തക ചർച്ച<br>ക്ലാസ് പത്രം<br>സ്കൂൾ പത്രം<br>വയനാ മത്സരം<br>പബ്ലിക്ക് ലൈബ്രറി | ജൂൺ ജൂലൈ ഓഗസ്റ്റ് മുതൽ | ക്ലാസ് അധ്യാപകർ<br>ലൈബ്രറി ചുമതലയുള്ള അധ്യാപകർ<br>പബ്ലിക്ക് | BRC<br>PTA |

| | | | | |
|---|---|---|---|---|
| | അംഗത്വം.<br>അമ്മ വായന<br>വായനാ കാർഡുകൾ<br>ജന്മദിന പുസ്തകം<br><br>ക്ലാസ് PTA യിൽ<br>പുസ്തക<br>പരിചയം<br>വായനയുടെ വ്യത്യസ്ത<br>തലങ്ങൾ<br>പരിചയപ്പെടൽ<br>ദിനാചരണ പുസ്തക<br>വായന<br>സാഹിത്യകാരന്മാരുടെ<br>ചിത്രങ്ങൾ<br>ലൈബ്രറിയിൽ<br>ഒട്ടിക്കുക | | ലൈബ്രറി | |

**മേഖല : അക്കാദമികം** **ഉപമേഖല : ജൈവവൈവിധ്യ പാർക്ക്**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| പഠനം<br>ഉല്ലാസപ്രദവും<br>വിജ്ഞാനപ്രദവു<br>മാക്കൽ | ഉദ്യാനം<br>മോടിപിടിപ്പിക്കൽ<br>ശലഭ പാർക്ക്<br>താമരക്കുളം<br>ഔഷധത്തോട്ട നിർ<br>മ്മാണപച്ചക്കറിത്തോട്ടം<br>കളിയിടങ്ങൾ<br>ഓരോ ചെടിയിലും<br>പേരെഴുതൽ. | ജൂൺ മുതൽ | പിടിഎ<br>അധ്യാപകർ | പിടിഎ<br>SMC |

| മേഖല : അക്കാദമികം | | ഉപമേഖല : മൂല്യനിർണയം | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **പിന്തുണ** |
| മൂല്യനിർണയത്തിനും രേഖപ്പെടുത്തലിനും നിരന്തര വിലയിരുത്തൽ | പഠന പ്രകിയ<br>പോർട്ട് ഫോളിയോ<br>യൂണിറ്റ് തലം<br>പങ്കാളിത്തം<br>വിവരണം<br>അവതരണം<br>വ്യക്തിഗത രചന<br>പഠനോപകരണം<br>ശേഖരണം<br>ചിത്രങ്ങൾ<br>സർഗ്ഗാത്മക സൃഷ്ടികൾ<br>വർക്ക് ഷീറ്റുകൾ<br>വാചിക വിലയിരുത്തൽ<br>ക്വിസ് പ്രോഗ്രാം<br>ഓപ്പൺ ബുക്ക്<br>വിലയിരുത്തൽ<br>ചോദ്യങ്ങൾ<br>തയ്യാറാക്കൽ | ജൂൺ മുതൽ | പിടിഎ<br>അധ്യാപകർ | BRC<br><br>PTA |
| സാമൂഹ്യ വൈജ്ഞാനിക വൈകാരിക മേഖല | കവിത<br>സംഭാഷണം<br>കുറിപ്പുകൾ<br>ചിത്രരചനാ മത്സരങ്ങൾ<br>സർഗ്ഗാത്മക സൃഷ്ടികൾ<br>ഗ്രൂപ്പ് പ്രവർത്തനം<br>നാടകം | | | |

## പട്ടാരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന
ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ
കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു. ഒപ്പം കവിതാസ്വാദനവും സാധ്യമാകുന്നു. പാഠഭാഗത്തിലെ കവിതകൾക്കൊപ്പം
സമാനകവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക്
കഴിയേണ്ടതുണ്ട്. ഇതിനായി രണ്ടാം ക്ലാസിൽ നടപ്പിലാക്കുന്ന പരിപാടിയാണ് പാട്ടരങ്ങ്. ഭിന്നനിലവാരക്കാരെ
പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകമാക്കാൻ പാട്ടരങ്ങിലൂടെ കഴിയും.

ലക്ഷ്യ പ്രസ്താവനകൾ:

• താളം മനസിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം
അവതരിപ്പിക്കുന്നു.
നൽകി ഭാവാത്മകമായി

• കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു.
ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.
ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാ-പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.
ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

• പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ, പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചയിലെ
നിർദേശങ്ങൾക്കനുസരിച്ച് മെച്ചപ്പെടുത്തുന്നു (ജൂൺ 2025 ആദ്യവാരം).
ക്ലാസ് പി.ടി.എയിൽ പദ്ധതി അവതരിപ്പിക്കുന്നു.
രക്ഷിതാക്കളുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പിന്തുണ ഉറപ്പുവരുത്തുന്നു (ജൂൺ 2025 ആദ്യവാരം).

• പാട്ടരങ്ങ് ഏകദിന ശില്പശാല, പ്രാദേശികമായി തയ്യാറാക്കുന്ന സംഗീതോപകരണങ്ങളുടെ നിർമ്മാണം, കുട്ടികളെ
കൂടി പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ, പാട്ടരങ്ങിൽ പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് അവതരിപ്പിക്കൽ (ജൂൺ 2025 രണ്ടാം വാരം).

. തുടർ പാഠഭാഗങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (പാട്ടവതരണവും ആവിഷ്കാരവും, വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ പുതിയ കവിതകൾ വായനാക്കാർഡുകളാക്കൽ (ജൂൺ 15, 2025 മുതൽ ഫെബ്രുവരി 2026 വരെ).

• ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ (മാർച്ച് 2026 രണ്ടാം വാരം).

വിലയിരുത്തൽ:

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

• ക്ലാസ് പി.ടി.എ.യുടെയും പ്രാദേശിക റിസോഴ്സ് പേഴ്സൺമാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

പ്രാദേശികമായി ലഭ്യമായ മെറ്റീരിയലുകൾ ഉപയോഗിച്ച് സംഗീതോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

• പാഠഭാഗങ്ങളിൽ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തി പാട്ടരങ്ങ് പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്സ്
മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

• കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവുമായും പങ്കു വെച്ചിട്ടുണ്ട്.

• പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ കവിതകളെ വായനാക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.
•
ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിച്ചിട്ടുണ്ട്.
ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപാഠനം പരിസര പഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനായുള്ള പ്രവർത്തന പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രകൃതി ഒരു നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. ശാസ്ത്രപ്രക്രിയാശേഷികളുടെ വികാസം ഉറപ്പു വരുത്തുന്നതിന് ഈ പ്രവർത്തനം സഹായകമാണ്. പ്രകൃതിയെ തൊട്ടറിഞ്ഞ് സഹവർത്തിത പഠനത്തിലൂടെ അറിവു നിർമാണം സാധ്യമാക്കാൻ ഈ പ്രവർത്തനത്തിനു കഴിയും
ലക്ഷ്യപ്രസ്താവനകൾ
• പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു
പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.
' നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവ രുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാൻ കഴിയുന്നു.
• മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കാൻ കഴിയുന്നു.
പരിസര പഠനത്തിലൂടെ ഭാഷാപഠനം രസകരവും ലളിതവുമാക്കുന്നതിന് കഴിയുന്നു.
പാഠപുസ്തകത്തിലെ ആശയങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്നു.
പ്രവർത്തന ഘട്ടങ്ങൾ
. നാട്ടുവിശേഷം കൂട്ടെഴുത്ത് പ്രവർത്തനം എസ് ആർ ജിയിൽ അവതരിപ്പിക്കുന്നു.
. പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പുകൾ എന്നിവ എസ് ആർ ജി യിൽ ആസൂത്രണം ചെയ്യുന്നു.
പിറ്റിഎ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.
• പാഠഭാഗത്തിനനുയോജ്യമായി പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം.
• പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (ജൂലൈ രണ്ടാം ആഴ്ചയിൽ ആദ്യ പ്രവർത്തനം ആരംഭം)

കണ്ടെത്തലുകളുടെ അവതരണം കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിംഗ്, മെച്ചപ്പെടുത്തൽ, അവതരണം.പതിപ്പ് തയ്യാറാക്കൽ,പാഠഭാഗത്തിന് അനുസരിച്ച് കാലയളവ് കൃത്യതപ്പെടുത്തുന്നു.
പ്രവർത്തനം അവലോകനം,
വിലയിരുത്തൽ
(ജൂലൈഅവസാനം)
പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ
മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി)
വിലയിരുത്തൽ
ക്ലാറിയിൽ പരിസര പഠന പാഠഭാഗത്തോടൊപ്പം ഭാഷാപഠനവും ഉൾച്ചേർത്ത് നൽകുന്നതിൽ
അധ്യാപകർക്ക് ധാരണ
ഉറപ്പാക്കുന്നു.
പ്രക്രിയ മശേഷികൾക്ക് ഊന്നൽ നൽകിയുള്ള പരിസര പഠന സാധ്യത ബോധ്യപ്പെടുന്നു.
മുഴുവൻ കുട്ടികളിലും പ്രക്രിയ ബന്ധിതമായ പഠനം ഉറപ്പാക്കാൻ കഴിയുന്നു.

കൃത്യമായ ആസൂത്രണത്തിലൂടെ വാതിൽപുറ പഠന സാധ്യത ഉറപ്പാക്കുന്നു
കുട്ടികളിൽ സഹവർത്തിത പഠനം ഉറപ്പാക്കുന്നു.
ക്ലാസ് ടീച്ചർ, PTA, HM
സാമ്പത്തികം SSK
റീഡേഴ്സ് തിയേറ്റർ
ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം എന്നിവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ടു
വായിക്കാൻ കഴിയുന്നവരാകണം രണ്ടാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും. അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാ മികവ് ഉണ്ടാക്കാൻ അധ്യാപികക്കും വിദ്യാലയത്തിനും കഴിയണം. തുടക്ക
വായനക്കാർ എന്ന നിലയിൽ ഭാവാത്മക വായനക്കും ശ്രാവ്യ വായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ്
റീഡേഴ്സ് തിയേറ്റർ.
ലക്ഷ്യ പ്രസ്താവനകൾ:
•
സ്കൂളിലെ എല്ലാ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.
• പാഠപുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ
അവതരിപ്പിക്കുന്നു.
• ഭാഷയിലെ പഠനമുന്നേറ്റത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.
പ്രവർത്തന ഘട്ടങ്ങൾ:
റീഡേഴ്സ് തിയേറ്റർ എസ്.ആർ.ജിയിൽ ആശയം പങ്കിടൽ (2025 ജൂൺ).
• ക്ലാസ്. പി.ടി.എ.യിൽ റീഡേഴ്സ് തിയേറ്റർ ആശയം പങ്കിടലും പിന്തുണ ഉറപ്പ് വരുത്തലും (2025 ജൂൺ മൂന്നാം വാരം).
• ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല (2025 ജൂലൈ രണ്ടാം വാരം).
• എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ
റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുക (2025 ജൂലൈ - 2026 മാർച്ച്).
• മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം (2025 ജൂലൈ - 202 മാർച്ച്).
• ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ മികച്ച പ്രവർത്തനങ്ങൾ അവതരണം (2026 മാർച്ച് രണ്ടാം വാരം).
വിലയിരുത്തൽ:
റീഡേഴ്സ് തിയേറ്റർ പ്രവർത്തനത്തെക്കുറിച്ച് എസ്.ആർ.ജിയിൽ ചർച്ച നടത്തിയിട്ടുണ്ട്.
ക്ലാസ് പി.ടി.എ.യിൽ ആശയം പങ്കിട്ട് പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
• റീഡേഴ്സ് തിയേറ്റർ ശില്പശാല നടത്തിയിട്ടുണ്ട്.
• എല്ലാ കുട്ടികളും പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ട്.
റീഡേഴ്സ് തിയേറ്റർ ഉപയോഗിച്ച് പാഠഭാഗങ്ങൾ, ലഘു ബാലസാഹിത്യ കൃതികൾ എന്നിവ അവതരിപ്പിച്ചിട്ടുണ്ട്.
• മികച്ച അവതരണങ്ങൾ ക്ലാസ്, സ്കൂൾ തല സഭകളിൽ അവതരിപ്പിക്കാൻ അവസരം നൽകിയിട്ടുണ്ട്.
• ഭാഷോത്സവത്തിൽ റീഡേഴ്സ് തിയേറ്റർ അവതരിപ്പിച്ചിട്ടുണ്ട്.
ചുമതല: ക്ലാസ് ടീച്ചർ, എസ്.ആർ.ജി, പ്രധാനാധ്യാപകൻ സാമ്പത്തികം: എസ്.എസ്.കെ, പി.ടി.എ

ക്ലാസ് പത്രം

ഓരോ കുട്ടിയെയും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ
ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ്സ്പത്രം സഹായിക്കുന്നു. ക്ലാസ്സിലെ കൂട്ടെഴുത്തിന്റെ ഒരു പ്രതിഫലനമാണ് ക്ലാസ്സ് പത്രം . ഒരു

പത്രത്തിന്റെ ഘടന മനസ്സിലാക്കി കൃത്യതയോടെ ചെറുവാക്യങ്ങളിലൂടെ വാർത്തകൾ
രൂപപ്പെടുത്താനുള്ള ഒരു ഇതിലൂടെ നേടാൻ സാധിക്കും.
ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരി
പ്പിക്കുന്നു.
രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
വ്യത്യസ്ത പഠനതന്ത്രങ്ങളിലൂടെ ഭാഷാ പഠനം സാധ്യമാക്കുന്നു
സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ
എഴുതാൻ കഴിവു നേടുന്നു.
സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണതയോടെ
എഴുതാൻ കഴിവു നേടുന്നു.
കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ
പറയാനും എഴുതാനും കഴിയുന്നു.
പരസ്പരം പിന്തുണ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.
ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ
കഴിയുന്നു.
പ്രവർത്തനഘട്ടങ്ങൾ :
• ക്ലാസും ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും എസ് ആർ ജിയിൽ
അവതരിപ്പിക്കുന്നു. (ജൂലൈ അവസാനം )
ക്ലാസ് പിറ്റി എ യിൽ പദ്ധതി അവതരിപ്പിക്കുന്നു, പിന്തുണ ഉറപ്പാക്കുന്നു.
ജൂലൈ അവസാനം)
കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്താ
രൂപത്തിൽ എഴുതുന്നു. ഉചിതമായ ഫോട്ടോകൾ ചിത്രങ്ങൾ ഉൾപ്പെടു
ത്തുന്നു.
• അധ്യാപികയുടെ നേതൃത്വത്തിൽ ആവശ്യമായ എഡിറ്റിംഗ് നടത്തുന്നു.
• ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഗസ്റ്റ് ആദ്യവാരം)
• അസംബ്ലിയിൽ വായിച്ചവതരിപ്പിക്കുന്നു.
• ഓരോ മാസവും ഓരോന്ന് പ്രസിദ്ധീകരിക്കുന്നു
• രചനോത്സവത്തിൽ പ്രദർശനം, അവതരണം
• വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ് തയ്യാറാക്കുന്നു.
• ഭാഷോത്സവത്തിൽ പ്രദർശനവും അവതരണവും നടത്തുന്നു. (ജനുവരി )
സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു. (ഫെബ്രുവരി)
വിലയിരുത്തൽ :
വ്യത്യസ്തവും ആകർഷകവുമായ രീതിയിൽ ആസൂത്രണം ചെയ്ത്
നടപ്പിലാക്കിയിട്ടുണ്ട്.
• രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കിയിട്ടുണ്ട്.
കൂട്ടെഴുത്തിനുള്ള സാധ്യത ഉറപ്പാക്കിയിട്ടുണ്ട്.
• വിഭിന്ന നിലവാരക്കാരെ പരിഗണിക്കാൻ കഴിഞ്ഞിട്ടുണ്ട്
• ആദ്യ ഘട്ടം മുതൽ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായി
പങ്കുവച്ചിട്ടുണ്ട്.
• തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.
കൗതുകകരമായ വാർത്തകൾ തുടർ വായനയ്ക്കായി വായന
കാർഡു
കളാക്കി മാറ്റിയിട്ടുണ്ട്.
ക്ലാസ് ടീച്ചർ, HM, PTA
ചുമതല
സാമ്പത്തികം:
SSK, PTA

ഭാഷോത്സവം

സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷാത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

ലക്ഷ്യ പ്രസ്താവനകൾ

• ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
• കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു
• കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു

ഭാഷാ പഠനം അനുഭവാധിഷ്ഠിതമാക്കുന്നതിന് കഴിയുന്നു
ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാരരൂപങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് കഴിയുന്നു.

• ആശയ പൂർണതയോടെ തത്സമയ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ:

ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു
പി.റ്റി.എ യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.

• പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു.
• ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു.
• പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു
• ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു
• സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ജനുവരിയിൽ ഭാഷോത്സവം സംഘടിപ്പിക്കുന്നു.

• SRG യിൽ അവലോകനം ചെയ്യുന്നു.

വിലയിരുത്തൽ :

ലക്ഷ്യ പ്രാപ്തിയ്ക്കായുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്
മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കാൻ തരത്തിൽ കുട്ടികളെ പ്രാപ്തരാക്കിയിട്ടുണ്ട്.
കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കിയിട്ടുണ്ട്.

• കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്

ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള ആസൂത്രണം നടത്തിയിട്ടുണ്ട്
കഥോത്സവം, രചനോത്സവം മറ്റു ഭാഷാപ്രവർത്തനങ്ങൾ എന്നിവ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതു സമൂഹത്തിൽ പങ്കുവച്ചിട്ടുണ്ട്.
agemet SRG, PTA, HM,സാമ്പത്തികം : SSK, PTA

രചനോത്സവം

ലഘു വ്യവഹാരരൂപങ്ങൾ വിശേഷണപദങ്ങൾ ചേർത്തെഴുതാൻ കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാം ക്ലാസിൽ പരിചയപ്പെടുന്നത്. ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തുക എന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്.

ലക്ഷ്യ പ്രസ്താവന

എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

രചനാ
പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ
ഉപയോഗപ്പെടുത്തുന്നു.
കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാപ്രവർത്തനങ്ങൾ സംഘടി
പ്പിക്കുന്നു
പ്രവർത്തന ഘട്ടങ്ങൾ
രചനോത്സവം പ്രവർത്തന മാർഗരേഖ അംഗീകരിച്ച് എസ്. ആർ. ജി.യിൽ
അംഗീകാരം വാങ്ങുന്നു. (ജൂൺ 2-ാം വാരം)
• സി.പി.ടി.എ.യിൽ
രചനോത്സവം പ്രവർത്തന പദ്ധതി അവതരിപ്പിച്ച്
ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക (ജൂൺ 3-ാം വാരം)
പ്രതിമാസ രചനോത്സവം (ജൂലൈ ഫെബ്രുവരി )
രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ (2024
സെപ്തംബർ,ഡിസംബർ,മാർച്ച് 2025)
കുട്ടികളുടെ വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ (മാർച്ച് 2025)
വിലയിരുത്തൽ
• രചനോത്സവത്തിൽ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നു.
ചുമതല
പ്രാദേശികവും ലഭ്യവുമായ റിസോഴ്സ് പേഴ്സൺസിന്റെ സേവനം
ലഭ്യമാക്കുന്നു.
എല്ലാ വ്യവഹാരരൂപങ്ങൾക്കും
വരുത്തുന്നു.
പ്രാധാന്യം നൽകിയിട്ടുണ്ട് എന്നുറപ്പ്
കൃതമായ ഇടവേളകളിൽ ക്ലാസ്തല രചനോത്സവം സംഘടിപ്പിക്കുന്നു
രക്ഷാകർത്യ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുന്നു.
ക്ലാസ് ടീച്ചർ,പി.ടി.എ
സാമ്പത്തികം
പി.ടി.എ.,എസ്. എസ്. കെ

അരങ്ങത്തേക്ക്

അഭിനയം, പ്രാഥമിക തലത്തിലുള്ള കുട്ടികളിൽ ആശയവിനിമയ ശേഷിയും ആത്മവിശ്വാസവും വളർത്തുന്ന ഒരു പ്രധാന മാർഗ്ഗമാണ്. കുട്ടികളിലെ സർഗ്ഗശേഷിയും പങ്കാളിത്തവും പ്രോത്സാഹിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കുന്നു. പഠനം ആസ്വാദ്യകരമാക്കുന്നതിനും, ഭിന്നശേഷിക്കാരെ ഉൾക്കൊള്ളുന്നതിനും ഇത്തരം അരങ്ങനുഭവങ്ങൾ വളരെ സഹായകമാണ്.
പ്രവർത്തന ലക്ഷ്യങ്ങൾ:
കുട്ടികളിലെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുക.
കഥ, കവിത, ബാലഗീതങ്ങൾ എന്നിവയിലൂടെ ആശയങ്ങൾ ആസ്വാദ്യകരമായി മാറ്റുക.
പൂർണ്ണമായും കുട്ടികൾ പങ്കെടുക്കുന്ന പങ്കാളിത്തം ഉറപ്പാക്കുക.
താൽപ്പര്യത്തോടെ പഠനത്തെ ഏറ്റെടുക്കാൻ അവസരം ഒരുക്കുക.
ശാരീരിക ചാലകവികാസം പ്രോത്സാഹിപ്പിക്കുക.
ആശയവിനിമയശേഷി വളർത്തുക.
പ്രവർത്തന ഘട്ടങ്ങൾ:
തിരഞ്ഞെടുക്കൽ: യൂണിറ്റിലെ കഥ, കവിത, സംഭാഷണങ്ങൾ എന്നിവയിൽനിന്ന് അനുയോജ്യമായ ഭാഗങ്ങൾ തിരഞ്ഞെടുക്കുക.
വിശകലനം: കഥയിലെ കഥാപാത്രങ്ങളെ കുട്ടികളുമായി ചർച്ച ചെയ്ത് ഉൾക്കൊള്ളിക്കുക.
പരിശീലനം: വാചകങ്ങൾ, അഭിനയ ശൈലി, ശാരീരിക ചലനങ്ങൾ എന്നിവയുടെ പരിശീലനം നൽകുക.

സജ്ജീകരണം: ചെറിയ അരങ്ങുകൾ ഒരുക്കി കുട്ടികളുടെ പ്രകടനത്തിന് തയ്യാറാക്കുക.
അഭിനയം: ഓരോ വിദ്യാർത്ഥിയും ഒരു കഥാപാത്രമാകുന്നത് പോലെ അഭിനയിപ്പിക്കുക.
വിചാരണ (പ്രതിഫലനം): അഭിനയം കഴിഞ്ഞ് പ്രതിഫലനം നടത്തുക - എന്താണ് പഠിച്ചത്?
ആരെന്താണ് അഭിനയിച്ചത്?
വിലയിരുത്തൽ:
പങ്കാളിത്തം: മുഴുവൻ കുട്ടികളും പങ്കെടുത്തോ?
അഭിനയമികവ്: ഉച്ചാരണശുദ്ധി, വ്യാഖ്യാനം.
പ്രകടന താൽപ്പര്യം: കുട്ടികൾ എത്രത്തോളം ആസ്വദിച്ചു?
യൂണിറ്റിലെ ആശയങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ടോ എന്ന് പരിശോധിക്കുക.
വ്യക്തിഗതമായി കുട്ടികളെ പരിഗണിച്ചുള്ള വിശകലനം (AMP),
പ്രവർത്തനം പാഠഭാഗവുമായി ബന്ധിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.
ക്രോഡീകരണം:
പഠനം ആസ്വാദ്യകരമാക്കുന്നു.
ഭിന്നനിലവാരക്കാരെ പരിഗണിക്കാൻ കഴിയും.
യൂണിറ്റിലെ ആശയങ്ങളും കവിതകളും ഉറപ്പിക്കുന്നതിന് കഴിയുന്നു.
സഭാകമ്പമില്ലാതെ പ്രവർത്തനങ്ങളിലേർപ്പെടുന്നതിന് കഴിയുന്നു.
എല്ലാവരെയും പരിഗണിക്കാൻ കഴിയുന്നു.
കുട്ടിയെ അറിയാൻ കഴിയുന്നു (വ്യക്തിഗത AMP).

പരീക്ഷണോത്സവം

നേരിട്ടുള്ള അനുഭവങ്ങളിലൂടെ അറിവ് നിർമ്മിച്ചെടുക്കുകയാണ് ശാസ്ത്ര പഠനത്തിന്റെ മുഖ്യ ലക്ഷ്യം. ഈ ലക്ഷ്യം സാധ്യമാക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് പരീക്ഷണങ്ങൾ. 'പരീക്ഷണോത്സവം' എന്ന ഈ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് പരിസരത്തെക്കുറിച്ചുള്ള അറിവ്, ശാസ്ത്ര ആശയങ്ങൾ, പ്രക്രിയാശേഷികൾ എന്നിവ ലളിതമായ
രീതിയിൽ മനസ്സിലാക്കാനും, ക്ലാസ് മുറി കൂടുതൽ ജീവസ്സുറ്റതാക്കാനും
കഴിയും. ഈ പ്രവൃത്തിയിലൂടെ കുട്ടികളിൽ നിരീക്ഷണ കഴിവും അന്വേഷണശേഷിയും വർദ്ധിപ്പിക്കുന്ന, ഉത്സാഹവും കൗതുകവും ഉണർത്തുന്ന പഠനാനുഭവമാണ് ലക്ഷ്യമിടുന്നത്.
പ്രവർത്തന ലക്ഷ്യങ്ങൾ:
• പ്രക്രിയാ ഭാവമുള്ള ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായിക്കുക.
• നിരീക്ഷണം, അന്വേഷണം, പരീക്ഷണം തുടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
സ്വയം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുക.
പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ അറിവ് ആഴത്തിൽ ആസ്വദിക്കാൻ കഴിയുന്ന ആവിഷ്കാരങ്ങൾ നൽകുക.
ശാസ്ത്ര കൗതുകം, താൽപ്പര്യം, സംശയപരിശോധന എന്നീ പഠന ചിന്തകൾ വളർത്തുക.
മുഴുവൻ കുട്ടികളിലും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിൽ പ്രക്രിയാശേഷികൾ വർദ്ധിപ്പിക്കുക.
പ്രവർത്തന ഘട്ടങ്ങൾ:
. പ്രാരംഭ ചർച്ച: പാഠഭാഗവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ വിശദീകരിക്കുകയും, എന്തൊക്കെ പരീക്ഷണങ്ങൾ ചെയ്യാൻ കഴിയും എന്ന് ചർച്ച ചെയ്യുകയും ചെയ്യുക.
• പരീക്ഷണങ്ങൾ തിരഞ്ഞെടുക്കൽ: പഠനവിഷയത്തിന് അനുസൃതമായി ലളിതമായ പരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക (ഉദാ: ജലചംക്രമണം, മണ്ണിന്റെ സ്വഭാവം, ലയിക്കുന്ന പദാർത്ഥങ്ങൾ തുടങ്ങിയവ).
• വിഭാഗങ്ങളാക്കി ഒരുക്കൽ: കുട്ടികളെ ചെറിയ ഗ്രൂപ്പുകളാക്കി ഓരോ സംഘത്തിനും പരീക്ഷണ ഉത്തരവാദിത്തം നൽകുക.
• സാധനങ്ങൾ ഒരുക്കൽ: സ്കൂളിലെ ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് പരീക്ഷണത്തിന് ആവശ്യമായ സാധനങ്ങൾ ഒരുക്കുക.
പരീക്ഷണ പ്രദർശനം: ഓരോ സംഘവും പരീക്ഷണം കാഴ്ചവെക്കുകയും ഫലങ്ങൾ വിശദീകരിക്കുകയും ചെയ്യുക.
• പോസ്റ്റർ/ചിത്രാവിഷ്കാരങ്ങൾ: പരീക്ഷണങ്ങൾക്കൊപ്പം അവയെ വിശദീകരിക്കുന്ന

പോസ്റ്ററുകൾ തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
• പ്രതിഫലനം: ഓരോ സംഘവും ചെയ്ത പ്രവൃത്തിയെക്കുറിച്ച് ചർച്ച ചെയ്യുക - എന്താണ് പഠിച്ചത്? എന്താണ് പുതുതായി അറിഞ്ഞത്?
വിലയിരുത്തൽ:
പരീക്ഷണത്തിൽ കുട്ടികളുടെ പങ്കാളിത്തം.
• നിരീക്ഷണശേഷിയും സംശയപരിശോധനാക്ഷമതയും.
അറിവ് നിർമ്മാണം എന്ന ലക്ഷ്യത്തിലേക്കുള്ള സാന്നിധ്യം.
ഭിന്നശേഷിക്കാരായ കുട്ടികളെ എങ്ങനെ ഉൾപ്പെടുത്തി.
സഹപാഠികളുമായി സഹകരിച്ച് പഠിക്കാൻ കുട്ടികൾക്ക് എങ്ങനെ കഴിഞ്ഞു.
പ്രതിഫലന ചർച്ചകളിൽ കുട്ടികൾ പങ്കെടുത്തിട്ടുണ്ടോ.
പ്രവർത്തനത്തിന്റെ അകലം പാഠഭാഗവുമായി ബന്ധമുണ്ടോ എന്ന് പരിശോധിക്കുക.

## സമഗ്ര പുരോഗതി രേഖ **(Holistic Progress Card)**

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.
പ്രവർത്തന ലക്ഷ്യങ്ങൾ:
കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.
പ്രവർത്തന ഘട്ടങ്ങൾ:
രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
◦

പ്രധാന മേഖലകൾ**:**

വൈജ്ഞാനികം (Academic)
- വൈകാരികം (Emotional)
- സാമൂഹികം (Social)
ശാരീരികം (Physical)
മാനസികം (Mental)
ആചരണപൂർണ്ണത / മൂല്യബോധം
ആശയവിനിമയക്ഷമത
സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
2 ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
കാലക്രമനുസൃതമായി രേഖപ്പെടുത്തൽ:
മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.

കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാ നടവുകൾ എന്നിവ
ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
പുതിയ ക്ലാസിലേക്ക് കൈമാറ്റം:

വിലയിരുത്തൽ:
ഓരോ വർഷവും വിശദമായ സമഗ്ര പുരോഗതി രേഖ ടീച്ചർ കൈമാറും.
പുതിയ ക്ലാസ് ടീച്ചർ അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിക്കും.

നിരീക്ഷണങ്ങളുടെ താളീകരണം **(Consistency).**

- പുതിയ അധ്യാപകൻ/അധ്യാപികക്ക് ഉപകാരപ്പെടുന്നവിധം ഉള്ള വിവരങ്ങളുടെ ഗുണമേന്മ.
- വ്യക്തിഗത പഠനപദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയുന്ന വിധം ഡാറ്റാ ശേഖരണം.
- പെരുമാറ്റ ശൈലി, പഠനശൈലി, ഇഷ്ടപാഠങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തൽ.
- മാതാപിതാക്കളുടെയും കുട്ടിയുടെയും അഭിപ്രായങ്ങൾ ഉൾപ്പെടുത്തുന്ന സംവിധാനം.

അക്കാദമിക് മോണിറ്ററിംഗ് **(Academic Monitoring)**

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനയ്ക്കും പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.
പ്രവർത്തന ലക്ഷ്യങ്ങൾ:
• വിദ്യാലയങ്ങളിൽ HELP 2025 പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
• കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.
പ്രവർത്തന ഘട്ടങ്ങൾ:
• തീയതി നിശ്ചയിച്ച സന്ദർശനം:
ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. HELP 2025 ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
• മോണിറ്ററിംഗ് ഉപാധികൾ:
UNIT WISE MONITORING FORMAT: ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
0 PORTFOLIO EVIDENCE: കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
NOTEBOOK ENTRY CHECKLIST: ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
- OBSERVATION TOOL: കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

പഠനപ്രക്രിയ വിലയിരുത്തൽ:
പ്രവർത്തന പങ്കാളിത്തം:
- പ്രവർത്തനം ഏറ്റെടുത്തു?

- ഗ്രൂപ്പിൽ പ്രവർത്തിച്ചു?
ആശയങ്ങൾ പങ്കുവെച്ച?
ആശയധാരണ:
ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
പ്രക്രിയാശേഷി വിലയിരുത്തൽ:
- മുൻധാരണകൾ എന്തെല്ലാമായിരുന്നു?
. പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
• പ്രകടനം | അവതരണം:
ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു.
താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
രേഖപ്പെടുത്തൽ:
പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള
അവതരണമാണ്?
- ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?
വിലയിരുത്തൽ മാർഗ്ഗങ്ങൾ:
നിരീക്ഷണം (Observation);
അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
molga (Interview):
. കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
റേറ്റിംഗ് സ്കെയിൽ:
പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
ഈ വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.
പോർട്ട്ഫോളിയോ വിലയിരുത്തൽ:
പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ
രൂപത്തിൽ നിക്ഷേപിക്കുക.

ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
HELP 2025 ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.
KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്
വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ
ഉൾപ്പെടുത്തണം.
ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
• വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
• തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ
സൃഷ്ടിക്കണം.
HELP 2025 ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ്
രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക
പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ
ഉത്തരവാദിത്തമാണ്.

